പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7350 14. 07. 2014 - ലെ മറുപടി

ഇറാഖിലെ കലാപത്തിൽ കുടുങ്ങിപ്പോയ മലയാളികളെ നാട്ടിലെത്തിക്കാൻ നടപടി

ചോദ്യം

ശ്രീ. സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
ശ്രീ. മാത്യു റ്റി. തോമസ്

1989-ൽ കുവൈറ്റ് അധിനിവേശ കാലത്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ യോജിച്ച് നടപ്പിലാക്കിയ ഒഴിപ്പിക്കൽ നടപടികൾക്ക് സമാനമായ നടപടികൾ ഇറാഖിൽ കുടുങ്ങിപ്പോയ മലയാളികളെ രക്ഷിക്കുവാൻ സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

വിദേശ രാജ്യങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടുന്നതിന് പരിമിതികളുണ്ട്. ബന്ധപ്പെട്ട രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയവും കേന്ദ്ര വിദേശകാര്യമന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടികൾ കൈക്കൊള്ളുകയാണ് സംസ്ഥാന സർക്കാരിന്റെ മുന്നിലുള്ള മാർഗ്ഗം. ഇറാഖിൽ ആഭ്യന്തര യുദ്ധം രൂക്ഷമായ സാഹചര്യത്തിൽ അവിടെയകപ്പെട്ട കേരളീയരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരെ അടിയന്തിരമായി നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ആദ്യം മുതൽ തന്നെ ബഹു. മുഖ്യമന്ത്രി കത്ത് മുഖേനയും ടെലിഫോണിലൂടെയും ബഹു. പ്രധാനമന്ത്രിയുടെയും ബഹു. വിദേശകാര്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ബാഗ്ദാദിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ നടപടി എന്ന നിലയിൽ 24 മണിക്കൂറും സജീവമായ ഹെൽപ് ലൈൻ സംവിധാനം നോർക്ക - റൂട്ട്സിൽ ഏർപ്പെടുത്തുകയും ചെയ്തു. ഇറാഖിലെ വിവിധ മേഖലകളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികൾ

ഉൾപ്പെടെയുള്ള ഇന്ത്യക്കാരെ അടിയന്തിരമായി തിരികെയെത്തിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഇവരിൽ ആവശ്യമായ യാത്രാരേഖയില്ലാത്തവരുടെ രേഖകൾ അടിയന്തിരമായി ശരിയാക്കുന്നതിനും അവർക്ക് രാജ്യം വിടുന്നതിനുള്ള അനുമതി ഉൾപ്പെടെ ലഭ്യമാക്കി ആവശ്യമെങ്കിൽ പ്രത്യേക വിമാനം ഏർപ്പാട് ചെയ്ത് അവരെ നാട്ടിലെത്തിക്കുന്നതിനും അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ഡൽഹിയിൽ വിദേശകാര്യ മന്ത്രിയുമായും മറ്റ് ബന്ധപ്പെട്ടവരുമായും നിരന്തരമായി നടത്തിയ ചർച്ചകളുടേയും ഇടപെടലുകളുടേയും ഫലമായി 45 മലയാളി നഴ്സുമാരെ പ്രത്യേക വിമാനത്തിൽ ജൂലൈ 5 - ന് നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇറാഖിൽ കുടുങ്ങിയ കൂടുതൽ മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്നുവരികയാണ്. നിരവധി മലയാളികൾ ഓരോദിവസവും വരുന്നതിനാൽ എണ്ണം കൃത്യമായി പറയാൻ നിവൃത്തിയില്ല.

സെക്ഷൻ ഓഫീസർ